## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 5099 — 27.06.2019- ൽ മറുപടിയ്ക്ക്

### ജയിലുകളിൽ നിർമ്മിച്ച ഫർണിച്ചറുകളുടെയും മറ്റു സാധനങ്ങളുടെയും വില്പന

| | ചോദ്യം<br>ശ്രീ. വി. ജോയി | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജയിലുകളിലുള്ള അന്തേവാസികൾ നിർമ്മിക്കുന്ന ഫർണിച്ചറുകളും മറ്റു സാധനങ്ങളും വില്പന നടത്തുന്നത് ഏത് വിധേനയാണെന്ന് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്തെ ജയിലുകളിലുള്ള അന്തേവാസികൾ നിർമ്മിക്കുന്ന ഫർണിച്ചറുകളും മറ്റ് സാധനങ്ങളും വിവിധ ജയിലുകളിലേയ്ക്ക് ബുക്ക് അഡ്ജസ്റ്റ്മെന്റ് പ്രകാരവും, മറ്റ് സർക്കാർ സ്ഥാപനങ്ങൾക്ക് ചലാൻ മുഖേനയും, പൊതുജനങ്ങൾക്ക് വില്പന കൗണ്ടറുകളിൽ ടി.ആർ.-5 രസീതുകൾ മുഖേനയുമാണ് വില്പന നടത്തിവരുന്നത്. ജയിലുകളിലെ ഭക്ഷ്യ നിർമ്മാണ യൂണിറ്റുകളിൽ നിന്നുള്ള ഉല്പന്നങ്ങൾ മൊബൈൽ യൂണിറ്റുകൾ വഴി വില്പന നടത്തുന്നു. എക്സിബിഷൻ സ്റ്റാളുകൾ മുഖേനയും അന്തേവാസികൾ നിർമ്മിക്കുന്ന ഫർണിച്ചറുകളും മറ്റ് സാധനങ്ങളും വില്പന നടത്തിവരുന്നു. |
| (ബി) | പ്രസ്തുത ഫർണിച്ചറുകളും ഉപകരണങ്ങളും വില്പന നടത്തുന്നത് പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (ബി) | വിവിധ ജയിലുകളിൽ നിർമ്മിച്ച വില്പന നടത്തുന്ന ഉൽപ്പന്നങ്ങളെ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെടത്തക്ക വിധത്തിൽ വില്പന കൗണ്ടറുകളുടെ ഭാഗത്തും മൊബൈൽ യൂണിറ്റുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ജയിലുകളിൽ നിർമ്മിച്ച ഫർണിച്ചറുകളും മറ്റ് ഉപകരണങ്ങളും വില്പന നടത്തിയ ഇനത്തിൽ 2016-17, 2017-18, 2018-19 സാമ്പത്തിക വർഷത്തിൽ എത്ര രൂപ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ? | (സി) | (see table below) |

| സാമ്പത്തിക വർഷം | രൂപ |
|---|---|
| 2016-17 | 1,06,78,161/- രൂപ |
| 2017-18 | 1,22,29,227/- രൂപ |
| 2018-19 | 1,14,87,830/- രൂപ |

സെക്ഷൻ ഓഫീസർ